**ധനകാര്യം**

## 2013-2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റുകൾ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2013–14-ലെ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

## സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നിയമസഭാ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 153 (2) പ്രകാരം ധനവിനിയോഗ ബിൽ ഉച്ചയ്ക്കുശേഷം 1.30-ന് വോട്ടിന് ഇടണമെന്നുണ്ട്. എന്നാൽ ഇന്ന് സഭയിൽ സംജാതമായിരിക്കുന്ന സ്ഥിതിവിശേഷം പരിഗണിച്ച് കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ ഉടൻതന്നെ പരിഗണനയ്ക്കെടുക്കണമെന്നും ചട്ടം 153 (2)-ലെ മേൽപ്പറഞ്ഞ നിബന്ധന ഇക്കാര്യത്തിനായി താൽക്കാലികമായി വേവ് ചെയ്യണമെന്നും ഈ സഭയോട് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സഭ അംഗീകരിച്ചിരിക്കുന്നു.